**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1840** **02-02-2024 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരന്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരന്തം നേരിട്ടത് എപ്പോഴാണെന്നും അതിന്റെ ആഘാതം ആദ്യമായി നേരിട്ട വ്യക്തി ആരാണെന്നും വ്യക്തമാക്കാമോ; | (എ) | കാസറഗോഡ് ജില്ലയിൽ 1978-2001 വരെയുള്ള കാലയളവിലാണ് എൻഡോസൾഫാൻ കീടനാശിനി തളിച്ചത്. പ്രസ്തുത കീടനാശിനി തളിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ദുരന്തത്തിന്റെ ആഘാതം ആദ്യമായി നേരിട്ട വ്യക്തിയെക്കുറിച്ചുള്ള വിവരം ലഭ്യമല്ല. |
| (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഇപ്പോൾ എത്ര പേരുണ്ടെന്നും അവർക്കു ഇതുവരെ ലഭിച്ചതും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നതുമായ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | 6600 പേർ നിലവിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>2016 മുതൽ 2023 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലായി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആകെ 456,19,38,884/- (**നാനൂറ്റി അമ്പത്തിയാറ് കോടി പത്തൊൻപത് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി എൻപത്തിനാല് കോടി** ) രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങളടക്കം എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർക്കുന്നു |
| (സി) | പ്രസ്തുത പട്ടികയിൽ നിന്ന് ഈ അടുത്ത കാലത്തായി ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എത്രപേരെ ഒഴിവാക്കിയിട്ടുണ്ടെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (സി) | 2010 മുതൽ 2017 വരെ വിവിധ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ വഴി 6727 വ്യക്തികളെ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തിയിരുന്നു. പട്ടികയിൽ നിന്നും 127 പേരെ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്.<br><br>1. പട്ടികയിൽ നിന്നും ഒഴിവാകാൻ അപേക്ഷ നൽകിയവർ - 17<br><br>2. വന്ധ്യത കാരണമായി ഭാര്യയും ഭർത്താവും ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഒരാളെ ഒഴിവാക്കിയവർ / പിന്നീട് കുട്ടികളുണ്ടായവർ - 47 |

| | | | |
|---|---|---|---|
| | | | 3. ഒരാൾ തന്നെ 2 ഒ പി നമ്പറിൽ ഉൾപ്പെട്ടത് |
| (ഡി) | എൻഡോസൾഫാൻ ദുരിതബാധിതർക്കു നൽകികൊണ്ടിരിക്കുന്നതും ഇപ്പോൾ നൽകി വരുന്നതുമായ ചികിത്സകളെയും മരുന്നുകളെയും സംബന്ധിച്ച് വിശദമാക്കുമോ; | (ഡി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകികൊണ്ടിരിക്കുന്നതും ഇപ്പോൾ നൽകി വരുന്നതുമായ ചികിത്സകളെയും മരുന്നുകളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - 2ആയി ചേർക്കുന്നു. |
| (ഇ) | എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സിക്കുന്ന ആശുപത്രികളും മരുന്നു നൽകുന്ന സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഇ) | എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സിക്കുന്ന ആശുപത്രികളും മരുന്നു നൽകുന്ന സ്ഥാപനങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 3- ആയി ചേർക്കുന്നു. |
| (എഫ്) | പ്രസ്തുത ആശുപത്രികളിൽ ഇപ്പോഴും ചികിത്സ ലഭ്യമാണോ എന്നും സൗജന്യ മരുന്നുകൾ നൽകി വരുന്നുണ്ടോ എന്നും വ്യക്തമാക്കാമോ; സൗജന്യ മരുന്നുകൾ നിർത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (എഫ്) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് എംപാനൽ ചെയ്ത ആശുപത്രികൾ വഴി സൗജന്യ ചികിത്സ ഇപ്പോഴും നൽകി വരുന്നു. സർക്കാർ ആശുപത്രികളിൽ ലഭ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നു.<br><br>ലഭ്യമല്ലാത്ത മരുന്നുകൾ അതത് ആശുപത്രികളുമായി ധാരണയുള്ള നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാക്കി വരുന്നു. |
| (ജി) | എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സിച്ച ആശുപത്രികൾക്ക് പണം നൽകാൻ ബാക്കിയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ കുടിശിക എത്രകാലമായി നിലനിൽക്കുന്നുവെന്ന് തുകയും ആശുപത്രിയും തിരിച്ച് വ്യക്തമാക്കാമോ? | (ജി) | 2011 മുതൽ 2021 വരെ എൻഡോസൾഫാൻ ദുരിത മേഖലയിൽ 28,43,65,000/- രൂപ ആരോഗ്യസേവനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സിച്ച വകയിൽ കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് 31/12/2023 വരെ 99,62,537/- രൂപയും, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് 1,60,306/- രൂപയും നൽകാനുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## <u>എൻഡോൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ</u>

1. 2016 മുതൽ 2023 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലായി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആകെ 456,19,38,884/- (നാനൂറ്റി അമ്പത്തിയാറ് കോടി പത്തൊൻമ്പത് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി എൺപത്തിനാല് കോടി) രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

എ) <u>കാസർഗോഡ് ജില്ലാ കളക്ടറേറ്റ് മുഖാന്തിരം</u>

i) ബഹു.സുപ്രീം കോടതി വിധിപ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള 5,00,000/- രൂപയുടെ ധനസഹായം - 269,24,00,000/-രൂപ.
ii) വായ്പ എഴുതിതള്ളൽ പദ്ധതി - 5,62,38,884/-രൂപ.
Iii) ചികിത്സാ ധനസഹായ പദ്ധതി - 95,00,00,000/- (സ്റ്റേറ്റ് ഫണ്ട്)

ബി) <u>കേരള സാമൂഹ്യസുരക്ഷ മിഷൻ മുഖാന്തിരം</u>

i) സ്നേഹസാന്ത്വനം പ്രതിമാസ പെൻഷൻ പദ്ധതി - 78,71,00,000/-രൂപ
ii) സ്പെഷ്യൽ ആശ്വാസകിരണം - എൻഡോസൾഫാൻ ദുരിതബാധിതരെ പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി - 5,55,00,000/-രൂപ.
iii) എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം പദ്ധതി - 2,07,00,000/-രൂപ.

**കൂടാതെ,**

2. എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളുടെ റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങളുടെ 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾ നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളുന്നു.

4. ഭവന ഭൂരഹിതരായ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഭവന പദ്ധതി.

5. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്ക് 10 വർഷത്തെ വയസ്സിളവ്.

6. എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് വൈദ്യുതി ബില്ലിൽ ഇളവ്.

7. എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സ/ലാബ് പരിശോധനകൾ.

8. എംപാനൽ ചെയ്തിട്ടുള്ള 17 സർക്കാർ/സ്വകാര്യ സ്പെഷ്യലിസ്റ്റ്/സൂപ്പർസ്പെഷ്യലിസ്റ്റ് ആശുപത്രികൾ മുഖേനയുള്ള സൗജന്യ സ്പെഷ്യലിസ്റ്റ്/സൂപ്പർ സ്പെഷ്യലിസ്റ്റ് സേവനങ്ങൾ

9. സർക്കാർ ആശുപത്രികളിൽ ലഭ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നു. ലഭ്യമല്ലാത്ത മരുന്നുകൾ അതത് ആശുപത്രികളുമായി ധാരണയുള്ള നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാക്കുന്നു.

10. ആരോഗ്യകേരളം മുഖേന ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് എൻഡോസൾഫാൻ മേഖലയിൽ സേവനം നൽകുന്നു.

11. എൻഡോസൾഫാൻ ബാധിത മേഖലയിലെ 11 പഞ്ചായത്തുകളിൽ ആരോഗ്യകേരളം മുഖേന നിയമിതരായ ഫിസോയോതെറാപ്പിസ്റ്റുകൾ മുഖേന ഫിസിയോതെറാപ്പി സേവനം നൽകുന്നു.

12. പഞ്ചായത്ത് തലത്തിലെ പ്രാഥമിക പാലിയേറ്റീവ് നഴ്സുമാർ മുഖേനയും, ആരോഗ്യകേരളം മുഖേനയുള്ള സെക്കണ്ടറി പാലിയേറ്റീവ് നഴ്സുമാർ മുഖേനയും പാലിയേറ്റീവ് സേവനങ്ങൾ നൽകുന്നു.

**അനുബന്ധം 2**

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകികൊണ്ടിരിക്കുന്നതും ഇപ്പോൾ നൽകി വരുന്നതുമായ ചികിത്സകളെയും മരുന്നുകളെയും സംബന്ധിച്ച വിശദാംശങ്ങൾ**

1. എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സയും ലാബ് പരിശോധനകളും.

2. എംപാനൽ ചെയ്തിട്ടുള്ള 17 സർക്കാർ/സ്വകാര്യ സ്പെഷ്യലിസ്റ്റ്/സൂപ്പർസ്പെഷ്യലിസ്റ്റ് ആശുപത്രികൾ മുഖേനയുള്ള സൗജന്യ സ്പെഷ്യലിസ്റ്റ്/സൂപ്പർസ്പെഷ്യലിസ്റ്റ് സേവനങ്ങൾ.

3. സർക്കാർ ആശുപത്രികളിൽ ലഭ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നു. ലഭ്യമല്ലാത്ത മരുന്നുകൾ അതത് ആശുപത്രികളുമായി ധാരണയുള്ള നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാകുന്നു.

4. ആരോഗ്യകേരളം മുഖേന ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് എൻഡോസൾഫാൻ മേഖലയിൽ സേവനം നൽകുന്നു.

5. എൻഡോസൾഫാൻ ബാധിത മേഖലയിലെ 11 പഞ്ചായത്തുകളിൽ ആരോഗ്യകേരളം മുഖേന നിയമിതരായ ഫിസിയോതെറാപ്പിസ്റ്റുകൾ മുഖേന ഫിസിയോതെറാപ്പി സേവനം നൽകുന്നു.

6. പഞ്ചായത്ത് തലത്തിലെ പ്രാഥമിക പാലിയേറ്റീവ് നഴ്സുമാർ മുഖേനയും, ആരോഗ്യകേരളംമുഖേനയുള്ള സെക്കന്ററി പാലിയേറ്റീവ് നഴ്സുമാർ മുഖേനയും പാലിയേറ്റീവ് സേവനങ്ങൾ നൽകുന്നു.

7. എൻഡോസൾഫാൻ ദുരിതബാധിതരിൽ കൂടുതലും ന്യൂറോളജി പ്രശ്നങ്ങൾ ഉള്ളവരാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. Urinary tract infection, Aspiration Pneumonia, bed sores മറ്റു മുറിവുകൾ എന്നീ പ്രശ്നങ്ങൾ കൊണ്ട് ബുദ്ധിമുട്ടുന്നവരുണ്ട്. ചില രോഗികൾക്ക് വെന്റിലേറ്റർ സൗകര്യം ലഭ്യമാക്കുന്നതിനായി ഐ.സി.യു-വിൽ പ്രവേശനം നൽകി ചികിത്സിക്കുന്നുണ്ട്. ന്യൂറോ സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർക്ക് ഒന്നിൽ കൂടുതൽ മരുന്നുകൾ നൽകേണ്ടതായിട്ടുണ്ട്. രോഗം മൂർച്ഛിക്കാതിരിക്കാൻ ചില രോഗികൾക്ക് നാലോ, അഞ്ചോ antiepileptic മരുന്നുകൾ ആവശ്യമായി വരുന്നുണ്ട്. സാധരണ നൽകി വരുന്ന Antiepileptic മരുന്നുകളിൽ Phenytoin, Sodium, Sodium Valproate, Carbamazepine, Oxcarbazepine, Leviteracetam, Clobazam, Clonazepam, Locasamide എന്നിവ ഉൾപ്പെടുന്നു. എന്നാൽ ധാരാളം പേർക്ക് ഇതു കൂടാതെ antiepileptic മരുന്നുകളായ topirmate, brivaracetam എന്നിവയും നൽകുന്നു. പക്ഷാഘാതം മൂലമുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വ്യക്തികൾക്ക് bactofen ഉം അതിന്റെ ഘടകങ്ങൾ അടങ്ങിയ മരുന്നും നൽകുന്നുണ്ട്. Brain Ischemia പോലുള്ള രോഗങ്ങൾ ബാധിച്ചവർക്ക് Piracitem or Citicolin മരുന്നു നൽകുന്നു. ന്യൂറോ സംബന്ധമായ മറ്റു രോഗങ്ങൾക്കും പാർക്കിൻസൺ ബാധിച്ചവർക്കും levodopa, Carbidopa, Pramipexole, Amantadine എന്നിവ ഉപയോഗിക്കുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് മാനസിക രോഗ വിദഗ്ധന്റെ ഉപദേശമനുസരിച്ച് മറ്റു മരുന്നുകളും നൽകുന്നുണ്ട്.

**അനുബന്ധം- III**

## എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സിക്കുന്ന ആശുപത്രികളും മരുന്നു നൽകുന്ന സ്ഥാപനങ്ങളുടെയും സംബന്ധിച്ച വിശദാംശങ്ങൾ

എൻഡോസൾഫാൻ ദുരിതബാധിതർക്ക് കാസർഗോഡ് ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന 17 ആശുപത്രികളെ എംപാനൽ ചെയ്തുകൊണ്ട് സമഗ്രമായ സൗജന്യ ചികിത്സ നൽകുന്നു.

1. റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
2. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം
3. ഐക്കൺസ് (ICCONS), ഷൊർണ്ണൂർ
4. മലബാർ കാൻസർ സെന്റർ, തലശ്ശേരി
5. ഗവ.മെഡിക്കൽ കോളേജ്, കോഴിക്കോട്
6. ഗവ.മെഡിക്കൽ കോളേജ്, കണ്ണൂർ
7. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കണ്ണൂർ
8. ജനറൽ ആശുപത്രി, തലശ്ശേരി
9. ജില്ലാ ആശുപത്രി, കണ്ണൂർ
10. ജില്ലാ ആശുപത്രി കാസർകോട്
11. ജനറൽ ആശുപത്രി, കാഞ്ഞങ്ങാട്
12. .യെനെപോയ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം
13. കസ്തൂർബ മെഡിക്കൽ കോളേജ്, മംഗലാപുരം
14. കസ്തൂർബ മെഡിക്കൽ കോളേജ്, മണിപ്പാൽ
15. ലിറ്റിൽ ഫ്ലവർ ഐ ഹോസ്പിറ്റൽ, അങ്കമാലി
16. ഗവ. ആയുർവേദ മെഡിക്കൽ കോളേജ്, പരിയാരം, കണ്ണൂർ
17. ഗവ. ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട്